**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1592** **04.12.2018 ലെ മറുപടിക്ക്**

## നാളികേര കൃഷി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.എം.ഷാജി<br>ശ്രീ.പാറക്കൽ അബ്ദുല്ല<br>ശ്രീ.അബ്ദുൽ ഹമീദ് പി.<br>ശ്രീ.പി.കെ.അബ്ദു റബ്ബ് | ശ്രീ. വി.എസ്. സുനിൽകുമാർ<br>കൃഷിവകുപ്പ് മന്ത്രി |
| (എ) നാളികേര കൃഷി വ്യാപിപ്പിക്കുന്നതിനും നാളികേരത്തിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ വിപണനം ശക്തിപ്പെടുത്തുന്നതിനുമായി നാളികേര വികസന കൗൺസിൽ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; | (എ) 21.11.2018 ലെ സർക്കാർ ഉത്തരവ്(കൈ) നം.138/2018/കൃഷി പ്രകാരം നാളീകേര വികസന കൗൺസിൽ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. |
| (ബി) നാളികേര കൃഷി എത്ര ഹെക്ടർ സ്ഥലത്തേയ്ക്ക് വ്യാപിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്; തെങ്ങിൻതൈകളുടെ ഗുണനിലവാരം ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കാമോ ? | (ബി) 2018 മുതൽ 2028 വരെ നീളുന്ന 10 വർഷത്തെ കാലയളവിൽ സംസ്ഥാനത്തെ നാളീകേര കൃഷിയുടെ വിസ്തൃതി നിലവിലെ 7.81 ലക്ഷം ഹെക്ടറിൽ നിന്നും 9.25 ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കുവാൻ ലക്ഷ്യമിടുന്നു. ഇതിനായി 1.44 ലക്ഷം ഹെക്ടർ സ്ഥലത്ത് അധികമായി തെങ്ങ് കൃഷി വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.<br>കൃഷി വകുപ്പ് ഫാമുകൾ, കേരള കാർഷിക സർവ്വകലാശാല ഫാമുകൾ, കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം, നാളീകേര വികസന ബോർഡ് എന്നീ സ്ഥാപനങ്ങളിൽ നിന്നും ഇവരുടെ മേൽനോട്ടത്തിൽ കർഷകർ നടത്തുന്ന അംഗീകൃത വികേന്ദ്രീകൃത നഴ്സറികളിൽ നിന്നുമാണ് പദ്ധതിക്കാവശ്യമായ ഗുണമേൻമയുള്ള തെങ്ങിൻതൈകൾ ഉൽപ്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുവാൻ ലക്ഷ്യമിടുന്നത്. ഗുണമേന്മയുള്ള വിത്തുതേങ്ങകൾ സംഭരിക്കുന്നതിനായി കൂടുതൽ മാതൃവൃക്ഷങ്ങൾ സംസ്ഥാനത്ത് കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. |

**ഡെപ്യൂട്ടി സെക്രട്ടറി**